പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3144. 13.07.2015 ൽ മറുപടിയ്ക്ക്.

ആംബുലൻസുകളുടെ യാത്രാ പ്രശ്നം

| ചോദ്യം<br>ശ്രീ.സാജു പോൾ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആംബുലൻസുകളുടെ യാത്രാ പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ജീവൻ രക്ഷാപ്രവർത്തനങ്ങളുടെ ഭാഗമായി പോകുന്ന വാഹനങ്ങൾക്ക് ഗതാഗത നിയമത്തിൽ ഇളവുകൾ അനുവദിച്ചിട്ടുണ്ടോ ;വ്യക്തമാക്കുമോ; | (ബി) | ഇല്ല. എന്നാൽ ജീവൻ രക്ഷാ പ്രവർത്തനങ്ങളുടെ ഭാഗമായി പലപ്പോഴും ഇത്തരം വാഹനങ്ങൾക്ക് വേഗതാ പരിധി ലംഘിക്കേണ്ടി വരുന്നതിനാൽ ഇത്തരം വാഹനങ്ങളെ വേഗതാ പരിധിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഗതാഗത കമ്മീഷണർ ഒരു സർക്കുലർ 08/06/2015 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ആംബുലസുകളുടെ യാത്ര സംബന്ധിച്ച് എന്തെങ്കിലും പരിഷ്കാരങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ; | (സി) | ഉണ്ട്. ആംബുലസുകളെയും ഫയർ ബ്രിഗേഡ് വാഹനങ്ങളെയും വേഗതാ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിന് 1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 369 പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | അമിത വേഗത്തിൽ പോയതിന് ഈ സർക്കാരിന്റെ കാലത്ത് എത്ര ആംബുലൻസുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ? | (ഡി) | ലഭ്യമായ കണക്കുകൾ പ്രകാരം അഞ്ചോളം ആംബുലൻസുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.